LIBRARY ARCHIVES Kerala Legislative Assembly

സീറോ ലാൻഡ്‌ലെസ് പദ്ധതി

103(4734) ശ്രീ. മാത്യു റ്റി.തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീല പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീറോ ലാൻഡ്‌ലെസ് പദ്ധതി പ്രകാരം പട്ടയം ലഭിച്ചവർക്ക് ഭൂമി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടയം വിതരണം ചെയ്ത എത്ര പേർക്ക് ഇപ്രകാരം ഭൂമി വിതരണം ചെയ്യാനുണ്ട്;

(സി) ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് എതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) പട്ടയം വിതരണം ചെയ്തകഴിഞ്ഞ കേസുകളിൽ ചട്ടപ്രകാരം ഭൂമി കൈമാറുന്ന പ്രവർത്തനംകൂടി പൂർത്തിയാകേണ്ടതിനാൽ ഭൂമി ലഭിച്ചിട്ടില്ലായെന്ന് ചുരുക്കം പരാതികളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടയം വിതരണം ചെയ്ത 10,103 കേസുകളിൽ കൂടി ചട്ടപ്രകാരം ഭൂമി കൈമാറുവാനുണ്ട്. പ്രസ്തുത ജോലികൾ ജില്ലകളിൽ അതിവേഗം പുരോഗമിച്ച് വരുന്നു.

(സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഭൂമി കൈമാറുന്ന പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിച്ച് വരികയാണ്. പട്ടയം വിതരണം ചെയ്ത് കഴിഞ്ഞ കേസുകളിൽ ഭൂമി കൈമാറുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായാൽ അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

നിലം നികത്തുന്നതിനു ജില്ലാ സമിതിയുടെ അംഗീകാരമില്ലാതെ അനുമതി

104(4735) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ടി.ആറിൽ നിലം എന്നു രേഖപ്പെടുത്തിയിരിക്കുന്ന ഭൂമി നികത്തുന്നതിനു ജില്ലാ സമിതിയുടെ അംഗീകാരമില്ലാതെ അനുമതി നൽകുവാൻ ആർ. ഡി. ഒ.-യ്ക്ക് അധികാരം ഉണ്ടോ;